പാടങ്ങൾ നിശ്ചിത ഫീസ് അടച്ച് പുരയിടമായി ക്രമീകരിക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് അടിയന്തരമായി പ്രവർത്തന പരിപാടി തയ്യാറാക്കി സമർപ്പിക്കുന്നതിനായി (1) ചീഫ് സെക്രട്ടറി (2) അഡീഷണൽ ചീഫ് സെക്രട്ടറി (ധന)-കൺവീനർ (3) കാർഷികോൽപ്പാദന കമ്മീഷണർ(4) പ്രിൻസിപ്പൽ സെക്രട്ടറി(റവന്യൂ) (5) സെക്രട്ടറി (നിയമം) എന്നിവർ ഉൾപ്പെടുന്ന കമ്മിറ്റി രൂപീകരിച്ചു. പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്.

(സി) ഇതിലേക്കായി തുകയെന്നും ചെലവായിട്ടില്ല.

(ഇ) ഈ ഇനത്തിൽ തുക ലഭിച്ചിട്ടില്ല.

(എഫ്) നീക്കിയിരിപ്പില്ല.

സംസ്ഥാനത്തിന്റെ റവന്യൂ വരവ്, റവന്യൂ ചെലവ്,റവന്യൂ കമ്മി

112 (2590) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011-12 വർഷത്തിൽ സംസ്ഥാനത്തിന്റെ റവന്യൂ വരവ്, റവന്യൂ ചെലവ്, റവന്യൂ കമ്മി ഇവ യഥാക്രമം എത്രകോടി രൂപ വീതമായിരിക്കും എന്നാണ് കരുതുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) പുതിയ ബഡ്ജറ്റിൽ എത്രകോടി രൂപയുടെ അധികചെലവ് പ്രതീക്ഷിക്കുന്നുവെന്ന് വ്യക്തമാക്കുമോ ;

(സി) ഇതിനുള്ള വിഭവ സമാഹരണത്തിനായി എന്തൊക്കെ മാർഗ്ഗങ്ങളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ ;

(ഡി) പൊതുകടം കുറയ്ക്കാൻ കഴിയുമെന്ന് കരുതുന്നുണ്ടോ ; ഇല്ലെങ്കിൽ വർദ്ധിക്കാതെ പിടിച്ചുനിർത്താനാവശ്യമായ നടപടി സ്വീകരിക്കുമോ ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) 2011-12 വർഷത്തിൽ സംസ്ഥാനത്തിന്റെ റവന്യൂ വരവ്, 38546.89 കോടി രൂപയും, റവന്യൂ ചെലവ് 44566.33 കോടി രൂപയും, റവന്യൂ കമ്മി(-) 6019.44 കോടി രൂപയുമായാണ് പ്രതീക്ഷിക്കുന്നത്.

(ബി) 2010-11 വർഷത്തെ ബഡ്ജറ്റുമായി താരതമ്യം ചെയ്യുമ്പോൾ 2011-12 ബഡ്ജറ്റിൽ 9488.75 കോടി രൂപയുടെ അധികചെലവാണ് പ്രതീക്ഷിക്കുന്നത്.

(സി) നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിലൂടെ റവന്യൂ വരുമാനം വർദ്ധിപ്പിച്ചും, പൊതു വിപണിയിൽ നിന്ന് കടമെടുത്തും, ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പയെടുത്തും ഇതിലേക്കാവശ്യമായ വിഭവം സമാഹരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഉണ്ട്. 2000-2001-ൽ സംസ്ഥാന ആഭ്യന്തര വരുമാനത്തിന്റെ 32.9% ആയിരുന്ന കടഭാരം 2005-06-ൽ 33.6% ആയി ഉയർന്നു. ഇത് 2010-11-ൽ 29.52% ആയി താണു. 2001-02 മുതൽ 2005-06 വരെയുള്ള കാലഘട്ടത്തിൽ സംസ്ഥാനത്തിന്റെ കടത്തിന്റെ വർദ്ധന 92 ശതമാനമായിരുന്നു. എന്നാൽ 2006-07 മുതൽ 2010-11 വരെയുള്ള കാലയളവിൽ ഇത് 70 ശതമാനമായി കുറഞ്ഞു. സംസ്ഥാനത്തിന്റെ തനത് സ്രോതസ്സുകളിൽ നിന്നുള്ള വരുമാന സമാഹരണം ശക്തിപ്പെടുത്തുന്നതിലൂടെ സംസ്ഥാനത്തിന്റെ കടഭാരത്തിന്റെ വർദ്ധനവിന്റെ തോത് കുറച്ചുകൊണ്ടുവരാനാണ് സർക്കാർ ശ്രമിച്ചുവരുന്നത്.

വാണിജ്യ വകുപ്പിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപടി

113 (2591) ശ്രീ. കെ. സി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വാണിജ്യ നികുതി വകുപ്പിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

കഴിഞ്ഞ അഞ്ചുവർഷം കൊണ്ട് കേരളത്തിലെ നികുതി ഭരണം സമൂലമായ പരിഷ്കരണത്തിനു വിധേയമാക്കി. ഇതിൽ ഏറ്റവും പ്രധാനം സമഗ്രമായ കമ്പ്യൂട്ടറൈസേഷൻ ആണ്. കേരളം ഇക്കാര്യത്തിൽ മാതൃകയായി അംഗീകരിക്കപ്പെട്ടു. രണ്ടു ദേശീയ അവാർഡും ഇതിനകം ലഭിച്ചു. രണ്ടാമതായി, 2.18 ലക്ഷം വരുന്ന കെ.ജി.എസ്.ടി. കുടിശിക അസെസ്മെന്റുകൾ അദാലത്തുവഴി തീർപ്പു കൽപ്പിച്ചു. തൻമൂലം പെട്രോളിയം, മദ്യം എന്നിവ ഒഴികെയുള്ള കെ.ജി.എസ്.ടി കേസുകളിൽ നിന്ന് മുഴുവൻ ജീവനക്കാരെയും വാറ്റിലേക്ക് മാറ്റി നിയോഗിച്ചു.

മൂന്നാമതായി, ഇ-റിട്ടേൺ, ഇ-പേമെന്റ് എന്നിവ നടപ്പാക്കി. ഇതിന്റെ ഫലമായി 25 ശതമാനത്തിൽ താഴെ മാത്രം ഉണ്ടായിരുന്ന റിട്ടേൺ സ്ക്രൂട്ടണി ഇപ്പോൾ 85 ശതമാനത്തിലധികമായി ഉയർത്താൻ കഴിഞ്ഞു. റിട്ടേൺ സ്ക്രൂട്ടണി കൂടുതൽ ഫലപ്രദമാക്കുന്നതിനു വേണ്ടി ഓഡിറ്റ് അസെസ്മെന്റ് വിംഗിനെ വാറ്റു സർക്കിളുകളുമായി സംയോജിപ്പിച്ചു. വാറ്റു സർക്കിളുകളിലെ ഫയലുകളുടെ എണ്ണം പുനഃക്രമീകരിച്ചു.

നാലാമതായി, നികുതി കുടിശ്ശിക കേസ്സുകൾ പ്രത്യേകം പ്രത്യേകമായി പരിശോധിച്ച് ഇതിനകം റവന്യൂ റിക്കവറിയിലൂടെ ബോട്ട് ഇൻ ലാന്റായി പിടിച്ചെടുത്തതോ പണം പിരിച്ചെടുത്തതോ റവന്യൂ അധികൃതർ കിട്ടാക്കടമായി പ്രഖ്യാപിച്ചതോ ആയ കേസ്സുകളെ കുടിശ്ശിക ലിസ്റ്റിൽ നിന്ന് ഒഴിവാക്കി ബാക്കിയുള്ളവ ആംനസ്റ്റി സ്കീംവഴി ഒറ്റത്തവണ തീർപ്പാക്കി ഇപ്പോൾ സ്റ്റേയിൽ ഉൾപ്പെടാത്ത പിരിച്ചെടുക്കാൻ കഴിയുന്ന കുടിശ്ശിക 747.33 കോടി രൂപ മാത്രമാണ്

LIBRARY ARCHIVES Kerala Legislative Assembly